# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - 2

## 2020 ജനുവരി 28

**നമ്പർ: 818**

<u>ബഹു.കേന്ദ്ര നിയമവകുപ്പ് മന്ത്രി ശ്രീ.രവിശങ്കർ പ്രസാദിനെതിരെ ബഹു.അംഗം ശ്രീ.കെ.സി.ജോസഫ് നൽകിയ അവകാശലംഘന നോട്ടീസ് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്.</u>

31.12.2019 – ന് കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന പ്രമേയത്തെ പൊതുവേദിയിൽ പരസ്യമായി വിമർശിക്കുകയും പ്രമേയം പാസ്സാക്കാനുള്ള കേരള നിയമസഭയുടെ അധികാരത്തെ ചോദ്യം ചെയ്യുകയും ചെയ്ത ബഹു.കേന്ദ്ര നിയമവകുപ്പ് മന്ത്രി ശ്രീ.രവിശങ്കർ പ്രസാദിനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.കെ.സി.ജോസഫ് സമർപ്പിച്ച നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ബഹു.സ്പീക്കർ 26.01.2020 ന് റഫർ ചെയ്തിരിക്കുന്നു.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,<br>സെക്രട്ടറി.